കേരള സർക്കാർ

പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം

ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്

തമ്പാനൂർ, തിരുവനന്തപുരം-695001

E-mail: ceekinfo.cee@kerala.gov.in

Telephone: 0471 – 2332120, 2338487

വിജ്ഞാപനം

KEAM -2026

കേരള മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം
നീറ്റ് ഫലം ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള അവസരം

2026-27 അധ്യയന വർഷം കേരളത്തിലെ സർക്കാർ മെഡിക്കൽ/ദന്തൽ കോളേജുകളിലെ സ്റ്റേറ്റ് ക്വാട്ട സീറ്റുകളിലെയും, സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലെ എൻ.ആർ.ഐ ക്വാട്ട/മൈനോരിറ്റി ക്വാട്ട ഉൾപ്പെടെയുള്ള മുഴുവൻ എം.ബി.ബി.എസ്, ബി.ഡി.എസ് സീറ്റുകളിലെയും ജനനസ്ഥലം പരിഗണിക്കാതെയുള്ള മെഡിക്കൽ അലോട്ട്മെന്റിനായി നീക്കി വച്ചിരിക്കുന്ന സീറ്റുകളിലെയും പ്രവേശനം N T A ലഭ്യമാക്കിയിട്ടുള്ള 'നാഷണൽ എലിജിബിലിറ്റി-കം-എൻട്രൻസ് ടെസ്റ്റ്' (NEET-UG) – 2026 സ്കോറിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും ഏകീകൃത കൗൺസിലിംഗ് വഴിയായിരിക്കും നടത്തുന്നത്. കൂടാതെ ആയുർവേദം (BAMS), ഹോമിയോപ്പതി (BHMS), സിദ്ധ (BSMS), യുനാനി (BUMS) എന്നീ മെഡിക്കൽ കോഴ്സുകളിലെയും, അഗ്രികൾച്ചർ (BSc (Hons) Agri), ഫോറസ്ട്രി (BSc (Hons.) Forestry), വെറ്റിനറി (BVSc. &AH), ഫിഷറീസ് (BFSc.), BSc (Hons) Co-operation & Banking/BSc (Hons) Agri Business Management, BSc (Hons) Horticulture, BSc – Msc (integrated) Biology/Micro biology, BSc (Hons) Climate Change & Environmental Science, B.Tech Biotechnology (Under KAU) എന്നീ അനുബന്ധ കോഴ്സുകളിലെയും പ്രവേശനം നീറ്റ് (യു.ജി) – 2026 സ്കോറിന്റെ അടിസ്ഥാനത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നായിരിക്കും. **കേരളത്തിലെ എം.ബി.ബി.എസ്, ബി.ഡി.എസ്, ആയുർവ്വേദം, ഹോമിയോപ്പതി, സിദ്ധ, യുനാനി എന്നീ മെഡിക്കൽ കോഴ്സുകളിലേയ്ക്കും**

അഗ്രികൾച്ചർ, ഫോറസ്ട്രി, BSc (Hons) Co-operation & Banking/BSc (Hons) Agri Business Management, BSc (Hons) Horticulture, BSc – Msc (integrated) Biology/Micro biology, **BSc (Hons) Climate Change & Environmental Science, B.Tech Biotechnology (Under KAU), വെറ്റിനറി, ഫിഷറീസ് എന്നീ അനുബന്ധ കോഴ്സുകളിലേയ്ക്കും പ്രവേശനത്തിനായുള്ള സംസ്ഥാന റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതിലേയ്ക്ക് വിദ്യാർത്ഥികൾ അവരവരുടെ നീറ്റ് (യു.ജി) – 2026 ഫലം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.**

സംസ്ഥാനത്തെ മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ പ്രവേശനത്തിനായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് KEAM 2026 ലൂടെ ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുകയും, NTA നടത്തിയ നീറ്റ് (യു. ജി) – 2026 പരീക്ഷയിൽ നിശ്ചിത യോഗ്യത നേടുകയും ചെയ്ത വിദ്യാർത്ഥികൾക്ക് അവരുടെ നീറ്റ് (യു. ജി) – 2026 ഫലം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർ പ്പിക്കുന്നതിന് **10.08.2026, ഉച്ചയ്ക്ക് 12.00 മണി വരെ** പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ സൗകര്യം ലഭ്യമാകുന്നതാണ്.

NEET ഫലം സമർപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

- പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഔദ്യോഗിക വെബ്സൈറ്റായ **www.cee.kerala.gov.in** ൽ പ്രവേശിക്കുക.
- **'KEAM 2026 Candidate Portal'** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ആപ്ലിക്കേഷൻ നമ്പറും പാസ്സ്വേഡും ഉപയോഗിച്ച് **Home Page** ൽ എത്തുക.
- **'NEET Result Submission'** എന്ന മെനുവിൽ ക്ലിക്ക് ചെയ്യുകയും NEET (UG) 2026 Roll Number, NEET (UG) -2026 Application Number NEET (UG) 2026 Date of Birth എന്നിവ നൽകുകയും ചെയ്യുക.
- **NEET (UG) സ്കോർ കാർഡ് verify ചെയ്യുക –** വിദ്യാർത്ഥിയുടെ പേര്, പിതാവിന്റെ പേര്, മാതാവിന്റെ പേര്, NEET (UG) Percentile score, All India Rank തുടങ്ങിയവ ഉൾപ്പെട്ട NEET (UG) - 2026 Result വിവരങ്ങൾ സ്ക്രീനിൽ കാണാൻ കഴിയും.
- സ്ക്രീനിൽ കാണുന്ന വിവരങ്ങൾ ശരിയാണെങ്കിൽ **'Verified and Submit'** ബട്ടൺ ക്ലിക്ക് ചെയ്യുക. (കുറിപ്പ് - NEET റിസൾട്ട് സമർപ്പിക്കുന്ന നടപടി ക്രമങ്ങൾ അവസാനിക്കുന്നത് **'Verified and Submit'** ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടു കൂടി മാത്രമാണ്.)

- **'NEET Result Submission Report'** പ്രിന്റൗട്ട് എടുക്കുക. ഭാവിയിലെ ഉപയോത്തിലേയ്ക്ക് ഇത് സൂക്ഷിച്ചു വയ്ക്കുക.

നിശ്ചിത സമയത്തിനകം നീറ്റ് പരീക്ഷാ ഫലം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈനായി സമർപ്പിക്കാത്ത അപേക്ഷകരെ 2026 ലെ മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെടുത്തുന്നതല്ല. പിന്നീട് അവസരം നൽകുന്നതല്ല . തപാൽ വഴിയോ, നേരിട്ടോ സമർപ്പിക്കുന്ന രേഖകളോ, അപേക്ഷകളോ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റിലെ പ്രോസ്പെക്ടസും വിശദമായ വിജ്ഞാപനവും കാണുക.

ഹെൽപ് ലൈൻ നമ്പർ : 0471-2332120, 2338487

Digitally signed by Shibu A
Date: 05-08-2026 16:01:58

പ്രവേശന പരീക്ഷാ കമ്മീഷണർ

തിരുവനന്തപുരം
05-08-2026